(ബി) ഭരണാനുമതി ലഭിച്ചവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാക്കിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദവിവരം പ്രോജക്ട് സ്റ്റാറ്റസ് സഹിതം ലഭ്യമാക്കാമോ?

(എ-സി) ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ വിഭാഗം, ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും എന്നിവ മുഖേന റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച ഇറിഗേഷൻ പ്രോജക്ടുകൾ (മൈനർ/മേജർ) സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

മലപ്പുറം മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

185(2221) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദീകരിക്കാമോ?

(എ&ബി) ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു. മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കടലുണ്ടി നദിയുടെ വലതുകര മഞ്ചേരി നിയോജകമണ്ഡലവും ഇടതുകര മലപ്പുറം നിയോജകമണ്ഡലവുമാണ്. 12.80 കോടി രൂപ ഭരണാനുമതി നൽകിയ ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ പ്രദേശത്ത് ജലസേചനം, കുടിവെള്ള ലഭ്യത എന്നിവയിൽ വർദ്ധനവും 600 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതിയിലൂടെ ജലസേചനം ഉറപ്പുവരുത്താനും സാധിക്കും. 70 മീറ്റർ നീളവും 5 മീറ്റർ ഉയരവുമുള്ള റെഗുലേറ്ററാണ് പദ്ധതിയിലുള്ളത്. കൂടാതെ ഇടതുകരയിൽ 52 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയും വലതുകരയിൽ 52.5 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയുമാണ് നൽകുന്നത്. ഏകദേശം 55 ശതമാനത്തോളം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കുകയും അബട്മെന്റ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഇടതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ആകെയുള്ള നാല് ഗൈഡുകളിൽ രണ്ടെണ്ണം 7 മീറ്റർ ഉയരത്തിലും രണ്ടെണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവൃത്തികളിലുൾപ്പെട്ട നാല് വിയറിൽ (weir) രണ്ട് എണ്ണം സിൽ ലെവൽ വരെയും മറ്റുരണ്ടെണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2022 മാർച്ച് മാസത്തോടെ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയിൽ പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മലപ്പുറം മണ്ഡലത്തിൽ പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

കണ്ണറ നിയോജകമണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

186(2222) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് നൽകാമോ?

കണ്ണറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നെടുമ്പന പഞ്ചായത്തിലെ പള്ളിമൺ തോടിന് താഴ്ഭാഗത്തായി പള്ളിമൺ പമ്പ് ഹൗസിന്റെ ഇടിഞ്ഞുപോയ വശങ്ങളുടെ സംരക്ഷണം എന്ന പ്രവൃത്തി നടന്നുവരുന്നു. ടി പ്രവൃത്തിയുടെ 40% പൂർത്തീകരിച്ചിട്ടുണ്ട്. അടങ്കൽ തുക Rs.12,00,000.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.